(ഡി-എഫ്) ഉണ്ട്. ഇതിനായി 2000-2001 വർഷത്തെ ബഡ്ജറ്റിൽ പത്ത് ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ചുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

(2) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

പറമ്പിക്കുളം - മുല്ലപ്പെരിയാർ നദികളുടെ കരാർ

1 (3189) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. എം. മാണി :
ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പറമ്പിക്കുളം-മുല്ലപ്പെരിയാർ നദികളുടെ കരാറുകളെ സംബന്ധിച്ച് 1994-ലെ അഡ്ഹോക്ക് കമ്മിറ്റി റിപ്പോർട്ട് പ്രകാരം സ്വീകരിച്ച നടപടികളുടെ വിശദവിവരം വ്യക്തമാക്കുമോ ;

(ബി) കരാറിന് വിരുദ്ധമായി നദീജലം കവർച്ച ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് തടയുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കുമോ ;

(സി) നദീജലം അപഹരിക്കുന്നതുകൊണ്ട് സംസ്ഥാനത്തിന് എത്ര രൂപയുടെ നഷ്ടം സംഭവിച്ചുവെന്നും ആ നഷ്ടം തമിഴ്നാട് സർക്കാരിൽ നിന്നും വസൂലാക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും അറിയിക്കുമോ ?

ഉത്തരം

(എ) 1994-ലെ അഡ്ഹോക്ക് കമ്മിറ്റി പ്രധാനമായും പറമ്പിക്കുളം -അലിയാർ പദ്ധതി കരാറിനെക്കുറിച്ചുള്ള ആറ് ലംഘനങ്ങളാണ് ചൂണ്ടിക്കാണിച്ചത്. ഈ ലംഘനങ്ങൾ അന്നത്തെ മുഖ്യമന്ത്രി തമിഴ്നാട് മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. തമിഴ്നാട് സർക്കാരിൽ നിന്ന് ലഭിച്ച മറുപടിയിൽ കരാർ ലംഘനങ്ങൾ ഒന്നും തന്നെ നടത്തിയിട്ടില്ലെന്നാണ് അറിയിച്ചത്. അഡ്ഹോക്ക് കമ്മിറ്റി ചൂണ്ടിക്കാണിച്ച മിക്ക കാര്യങ്ങളും കരാർ പുനരവലോകനം ചെയ്യുന്നത് സംബന്ധിച്ചാകയാൽ പുനഃരവലോകനവേളയിൽ പരിഗണിക്കേണ്ടവയാണ്.

(ബി & സി) കരാറിന് വിരുദ്ധമായി നദീജലം കവർച്ച ചെയ്യുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

വരട്ടാർ പുനർജീവിപ്പിക്കുന്നതിന് പ്രവർത്തനം

2 (3190) ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പമ്പാ നദിയുടെ കൈവഴിയായി കോയിപ്രം പഞ്ചായത്തിൽ നിന്നും ഉത്ഭവിച്ച് ഇരവിപേരൂർ, കുറ്റൂർ, തിരുവൻ വണ്ടൂർ എന്നീ പഞ്ചായത്തുകളിലൂടെ ഒഴുകിയിരുന്ന വരട്ടാർ പുനർജീവിപ്പിക്കുന്നതിന് പ്രകൃതി സ്നേഹികളായ നാട്ടുകാർ നടത്തുന്ന പ്രവർത്തനം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly